**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **22-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടിമറ്റം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പട്ടിമറ്റം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടിമറ്റം നീലിമലയിൽ സർക്കാർ വക ഭൂമിയിൽ കെട്ടിടം നിർമ്മിച്ച് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അവിടേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നീലിമലയിൽ സർക്കാർ ഭൂമി സൗജന്യമായോ പാട്ടത്തിനോ അനുവദിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ടി വസ്തു കേരള സ്റ്റേറ്റ് വെയർ ഹൗസിങ്ങ് കോർപറേഷന് പാട്ടത്തിന് അനുവദിയ്ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ചിട്ടുള്ളതിനാൽ കെ.എസ്.ഇ.ബിയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് ഭൂമി ലഭ്യമല്ലെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ